N8000682

# MALAYALAM

---

*Maximum Marks: 80*
*Time Allotted: Three Hours*
*Reading Time: Additional Fifteen Minutes*

---

**Instructions to Candidates**

1. You are allowed an **additional fifteen minutes** for **only** reading the question paper.
2. You must **NOT** start writing during reading time.
3. This question paper has **11 printed pages and one blank page**.
4. It is divided into **two sections: Section A and Section B**.
5. It has **fifteen questions** in all.
6. **Section A** has **three questions.** All questions are compulsory.
7. While attempting **Multiple Choice Questions** in Section A, you are required to **write only ONE option as the answer**.
8. **Section B** has **twelve questions**. You are required to attempt **any four** questions in this section on **any three** out of the four prescribed textbooks.
9. The intended marks for questions are given in brackets [ ].

**Instruction to Supervising Examiner**

1. Kindly read **aloud** the Instructions given above to all the candidates present in the examination hall.


© *Copyright reserved.*

## SECTION—A
## LANGUAGE - 40 MARKS

**Question 1** **[15]**

**Write a composition in approximately 400 words in Malayalam on any ONE of the topics given below.**

**താഴെ കൊടുത്തിരിക്കുന്ന വിഷയങ്ങളിൽ ഒന്നിനെപ്പറ്റി 400 വാക്കിൽ കുറയാതെ ഉപന്യാസം തയ്യാറാക്കുക.**

(i) നിങ്ങൾ സയൻസ് ക്ലബ്ബ് സെക്രട്ടറി എന്ന നിലയിൽ വിദ്യാലയത്തിലെ 'മിഡിൽ സ്കൂൾ' കുട്ടികൾക്കുവേണ്ടി ഒരു 'സയൻസ് എക്സിബിഷൻ' സംഘടിപ്പിച്ചതും കുട്ടികൾ താല്പര്യത്തോടെ അതിൽ പങ്കെടുത്തതും അപ്പോൾ നിങ്ങൾക്കുണ്ടായ അനുഭവങ്ങളും വിവരിക്കുക.

(ii) ''യന്ത്രങ്ങളാൽ ഭരിക്കപ്പെടുന്ന ഒരു ലോകത്തു മനുഷ്യരും യന്ത്രങ്ങളായി മാറും''. ഈ അഭിപ്രായത്തെ അനുകൂലിച്ചോ പ്രതികൂലിച്ചോ പ്രതികരിക്കുക.

(iii) ആധുനിക സമൂഹം നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി വർദ്ധിച്ചു വരുന്ന മാലിന്യങ്ങളാണ്. വിവിധതരം മാലിന്യങ്ങൾ, കാരണങ്ങൾ, പരിഹാരമാർഗ്ഗങ്ങൾ എന്നിവയെപ്പറ്റി വിവരിക്കുക.

(iv) നല്ല മൂല്യങ്ങളും ശീലങ്ങളും പെരുമാറ്റങ്ങളും ഉണ്ടാക്കേണ്ട ആദ്യവിദ്യാലയം കുടുംബമാണ്. വിശകലനം ചെയ്യുക.

(v) ജനജീവിതത്തെ ഏറെ ആകർഷിക്കുന്ന ഒരു മാധ്യമമെന്ന നിലയിൽ സിനിമയ്ക്കു വളരെ വലിയ സ്വാധീനം ചെലുത്താൻ കഴിയും. സിനിമ സമൂഹത്തിൽ സൃഷ്ടിക്കുന്ന ഗുണദോഷങ്ങളെപ്പറ്റി വിശകലനം ചെയ്യുക.

(vi) താഴെക്കൊടുത്തിരിക്കുന്ന വിഷയങ്ങളിൽ ഒന്നിനെപ്പറ്റി ഒരു സ്വതന്ത്രകഥ എഴുതുക :

(a) ഓർമ്മകൾ

(b) ആശ്രയം

**Question 2**

**Read the passage given below carefully and answer the questions that follow, using your own words in Malayalam.**

**താഴെക്കൊടുത്തിരിക്കുന്ന ഗദ്യഭാഗം ശ്രദ്ധാപൂർവം വായിച്ച് ചുവടെ ചേർത്തിരിക്കുന്ന ചോദ്യങ്ങൾക്ക് സ്വന്തം വാക്കുകളിൽ ഉത്തരമെഴുതുക.**

ഇന്നു ലോകത്തു കാണപ്പെടുന്ന യുദ്ധങ്ങളുടെയും ഭീകരാക്രമണങ്ങളു-ടെയുമെല്ലാം മൂലകാരണം വ്യക്തി മനസ്സിലെ വിദ്വേഷമാണ്. ക്രോധമെന്നത്

അന്ധകാരംപോലെയാണ്. ഇരുട്ടുള്ള ഒരു മുറിയിലൂടെ നടക്കുവാൻ ശ്രമിച്ചാൽ നാം ഏതെങ്കിലും വസ്തുവിൽ തട്ടിത്തടഞ്ഞു വീഴും. വിലപിടിപ്പുള്ള പലതും കേടായെന്നും വരും. ആ നഷ്ടങ്ങളെക്കുറിച്ച് നാം മനസ്സിലാക്കുന്നത് വീണ്ടും വെളിച്ചം വരുമ്പോഴാണ്. ഇതുപോലെ ക്രോധം വരുമ്പോൾ നമുക്കു ചുറ്റും ഇരുട്ടാണ്. നമ്മൾ പറയുന്നതും ചെയ്യുന്നതും ബോധത്തോടെയാകില്ല. ദേഷ്യമടങ്ങുമ്പോൾ നമ്മൾ തെറ്റു മനസ്സിലാക്കും. പക്ഷേ വൈകിപ്പോകും. അതിനാൽ നിസ്സാര കാര്യങ്ങൾക്കുവേണ്ടി നമ്മൾ ദേഷ്യപ്പെടുന്നത് ഒരു ശീലമാക്കാതിരിക്കുക. ദുശ്ശീലങ്ങൾ മാർദ്ദവമേറിയ മെത്തപോലെയാണ്. അതിൽ നിന്ന് എഴുന്നേൽക്കാൻ പ്രയാസമാണ്.

എല്ലാ രോഗങ്ങളുടെയും വിളഭൂമിയാണ് ക്രോധം. ക്രോധം വരുമ്പോൾ സ്വയം കടിക്കുന്ന പാമ്പിനെപ്പോലെയാണ് അത്. മറ്റുള്ളവരെക്കാൾ നമ്മുടെ ദേഷ്യം നമുക്കുതന്നെയാണ് ദോഷം ചെയ്യുന്നത്. തനിക്കു താമസിക്കാൻ ഇടം നൽകുന്നയാളിനെ കൊല്ലുന്ന നന്ദിയില്ലാത്ത ജീവിയെപ്പോലെയാണ് ദേഷ്യം. മനസ്സിൽ വിദ്വേഷം പുലർത്തുന്നത് നമ്മൾ സ്വയം വിഷം കഴിച്ച് ശത്രു മരിക്കണമെന്നു പ്രതീക്ഷിക്കുന്നതുപോലെയാണ്.

രണ്ടു ചെറുപ്പക്കാർ ചേർന്ന് ബിസ്സിനസ്സ് നടത്തുകയായിരുന്നു. അതിൽ ഒരാളെ അയാളുടെ പങ്കാളി കള്ളക്കേസ്സിൽ കുടുക്കി. പോലീസ് അയാളെ അറസ്റ്റ് ചെയ്തു. കീഴ്ക്കോടതി അയാളെ ജയിൽശിക്ഷയ്ക്കു വിധിച്ചു. കുറച്ചുനാൾ ജയിലിൽ കിടന്ന അയാളെ ഹൈക്കോടതി നിരപരാധിയെന്നു വിധിച്ചു. അയാൾ ജയിൽ മോചിതനായി വീട്ടിലെത്തിയിട്ടും ശത്രുവിനോടുള്ള വിദ്വേഷം മനസ്സിൽ നിറഞ്ഞു നിന്നു. അയാൾ അച്ഛനോടു പറഞ്ഞു, ''എന്റെ പങ്കാളിയെ ഒരു പാഠം പഠിപ്പിക്കുന്നതുവരെ ഞാൻ വിശ്രമിക്കില്ല. അവനെ സാമാധാനത്തോടെ ജീവിക്കാൻ ഞാൻ അനുവദിക്കില്ല.'' അപ്പോൾ അച്ഛൻ പറഞ്ഞു, ''പൊന്നു മോനെ, ഞാൻ കരുതി നീ ജയിലിൽ നിന്നു മോചിതനായി എന്ന്. പക്ഷേ നീ ഇപ്പോഴും ജയിലിൽത്തന്നെയാണ്.'' മനസ്സിൽ വിദ്വേഷം നിറഞ്ഞിരിക്കുമ്പോൾ നമ്മൾ ജയിലിനുള്ളിൽ കഴിയുന്നതിനു തുല്യമാണ്. അപ്പോൾ മനഃശാന്തി കിട്ടില്ല. അയാളുടെ മനസ്സ് ദേഷ്യത്തിന്റെയും പ്രതികാരത്തിന്റെയും തടവറകളിലായിരിക്കും.

നമ്മളോട് ആരെങ്കിലും ദേഷ്യപ്പെട്ടാലുടനെ നമ്മളും തിരിച്ചു ദേഷ്യപ്പെടുന്നത്, അയാളുടെ കൈയിലെ വ്രണം നമ്മൾ കുത്തിപ്പൊട്ടിക്കുന്നതിന് തുല്യമാണ്. നമ്മൾ തിരിച്ചു ദേഷ്യപ്പെടുമ്പോൾ സംഘർഷവും അസ്വസ്ഥതയും ശക്തമാകുന്നു. നമ്മൾ ക്ഷമിക്കുകയാണെങ്കിൽ, അതു കൈയിലെ വ്രണം മരുന്നു വെച്ച് പൊറുപ്പിക്കുന്നതുപോലെയാണ്. അതു ഇരുവർക്കും ഗുണകരമാകും.

അതിനാൽ ക്ഷമിച്ചും സ്നേഹിച്ചും ജീവിക്കുക. എന്നാൽ എങ്ങനെയും ദേഷ്യത്തെ അടക്കിപ്പിടിക്കണമെന്ന് പറയുന്നില്ല. അതു സെപ്റ്റിക്കായ മുറിവിന്റെ മീതെ വെറുതെ ബാൻഡേജ് കെട്ടുന്നതുപോലെയാണ്. മുറിവ് ഒന്നുകൂടി പഴുക്കും. മറ്റേയാളിന്റെ ഭാഗത്തു ന്യായമുണ്ടോ എന്നും നമ്മുടെ ഭാഗത്തു തെറ്റുണ്ടോ എന്നും നമ്മൾ ആലോചിക്കണം. ആത്മപരിശോധന ചെയ്യുമ്പോൾ മറ്റേയാളോടു ഉദാരതയും തന്നോടു കർക്കശതയും കാട്ടണം. പ്രതികരിച്ചാലും ആത്മനിയന്ത്രണം കൈവെടിയരുത്. മുറിവു വൃത്തിയാക്കിയിട്ടു മരുന്നു വച്ചാലെ അതു ഉണങ്ങൂ. അതുകൊണ്ട് ദേഷ്യത്തിനുള്ള കാരണത്തെക്കുറിച്ചും അതുകൊണ്ടുള്ള ദോഷത്തെക്കുറിച്ചും ചിന്തിച്ചു മനസ്സിലെ അഴുക്കിനെ കളയണം. അതിനുശേഷം സ്നേഹവും ക്ഷമയുമാകുന്ന മരുന്നുവെച്ച് അതിനെ ഉണക്കണം.

ആഴ്ചയിൽ ഒരു ദിവസമെങ്കിലും ആരോടും കോപിക്കുകയില്ലെന്ന് വ്രതമെടുക്കണം. കോപിക്കുകയില്ലെന്നു നിശ്ചയിച്ച ദിവസം ദേഷ്യപ്പെടാൻ ഇടയായാൽ അതിനു പ്രായശ്ചിത്തമായി ഒരു നാണയമോ ഒരു പിടി അരിയോ പാവങ്ങൾക്കു കൊടുക്കണം. ക്രോധമാണ് നമ്മുടെ ഏറ്റവും വലിയ ശത്രു. ക്രോധത്തെ ഇല്ലാതാക്കുന്നത് എല്ലാ ശത്രുക്കളേയും ഒരേ സമയത്തു ഇല്ലാതാക്കുന്നതിനു തുല്യമാണ്. ക്രോധത്തെ ജയിച്ചവർക്കു എല്ലാവരും മിത്രങ്ങൾതന്നെ.

**ചോദ്യങ്ങൾ :**

(i) ദുശ്ശീലങ്ങൾ മാർദ്ദവമേറിയ മെത്ത പോലെയാണ്. സന്ദർഭവും ആശയവും വിവരിക്കുക. **[3]**

(ii) തന്റെ മകൻ ഇപ്പോഴും ജയിലിൽതന്നെയെന്ന് പിതാവ് പറയുന്നത് എന്തുകൊണ്ട് ? വിശദമാക്കുക. **[3]**

(iii) മനസ്സിലെ അഴുക്കിനെ കളയാനുള്ള മാർഗ്ഗങ്ങളെപ്പറ്റി വിവരിക്കുക. **[3]**

(iv) മുകളിൽ കൊടുത്തിരിക്കുന്ന ഗദ്യഭാഗത്തിൽനിന്നും ഉത്തരങ്ങൾ കണ്ടെത്തി എഴുതുക :

(a) 'ഒരു തെറ്റും ചെയ്യാത്തവൻ' എന്ന അർത്ഥം വരുന്ന പദം ഏത് ? **[1]**

(1) അപരാധി

(2) നിരപരാധി

(3) കുറ്റവിമുക്തൻ

(4) അപരാധികൻ

(b) ചെയ്ത തെറ്റിനു പരിഹാരം കാണുക – ഒറ്റപ്പദം എഴുതുക. [1]

(1) ആത്മനിയന്ത്രണം

(2) ആത്മശാന്തി

(3) പ്രായശ്ചിത്തം

(4) മനഃശാന്തി

(c) ദുശ്ശീലങ്ങൾ മാർദ്ദവമേറിയ മെത്തപോലെയാണ് – ഇതിന്റെ ആശയമെന്ത് ? [1]

(1) ദുശ്ശീലങ്ങൾ ഉപേക്ഷിക്കാൻ വളരെ പ്രയാസമാണ്

(2) ദുശ്ശീലങ്ങൾക്ക് മാർദ്ദവമുണ്ട്

(3) ദുശ്ശീലങ്ങൾ ഉപേക്ഷിക്കാൻ എളുപ്പമാണ്

(4) ശീലമാണ് ദുശ്ശീലമാകുന്നത്

(v) ശരിയായ ഉത്തരങ്ങൾ എടുത്തെഴുതുക :

(a) 'സെപ്റ്റിക്കായ മുറിവിന്റെ മീതെ വെറുതെ ബാൻഡേജ് കെട്ടുന്നതുപോലെയാണത്' – ഏത് ? [1]

(1) തന്റെ ഭാഗത്തെ തെറ്റ് കാണാത്തത്

(2) എതിരാളിയുടെ തെറ്റ് കാണുന്നത്

(3) ക്രോധത്തെ അടക്കിപ്പിടിക്കുന്നത്

(4) ആത്മനിയന്ത്രണം പാലിക്കുന്നത്

(b) ''അതു കൈയിലെ വ്രണം മരുന്നു വെച്ച് പൊറുപ്പിക്കുന്നതു പോലെയാണ്'' – ഏത് ? [1]

(1) ജയിലിൽ പോകുന്നത്

(2) നല്ല മിത്രങ്ങളെ കിട്ടുന്നത്

(3) മറ്റുള്ളവരോടു ക്ഷമിക്കുന്നത്

(4) അസ്വസ്ഥത ഉണ്ടാക്കുന്നത്

(c) ആത്മപരിശോധന നടത്തുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യമെന്ത് ? [1]

(1) സ്വന്തം ഭാഗത്തു ന്യായം കാണണം

(2) മറ്റേയാളോടു ഉദാര സമീപനം വേണം

(3) ആത്മനിയന്ത്രണം വേണം

(4) മനസ്സിലെ മുറിവുണക്കണം

**Question 3**

**(A) Answer the following questions as per the instructions given :**

**(താഴെക്കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് നിർദ്ദേശങ്ങൾ അനുസരിച്ച് ഉത്തരം എഴുതുക) :**

(i) താഴെക്കൊടുത്തിരിക്കുന്ന തെറ്റായ പ്രസ്താവന തിരുത്തിയെഴുതുക : [1]

സംസാരഭാഷയെ വരമൊഴിയെന്നു സഹിത്യഭാഷയെ വാമൊഴിയെന്നും പറയുന്നു.

(ii) ഉചിതമായ പദം ചേർത്ത് വാക്യം പൂർത്തിയാക്കുക : [1]

ഭാരതത്തിലെ പരമോന്നത സാഹിത്യ പുരസ്കാരമായ ജ്ഞാനപീഠം നേടിയ ഒരു മലയാള സാഹിത്യകാരനാണ് __________ .

(iii) താഴെക്കൊടുത്തിരിക്കുന്ന വാക്യങ്ങളിൽ ശരിയായ രൂപം ഏത് ? [1]

(a) ഒറ്റ മഴകൊണ്ട് ഉണങ്ങിവരണ്ട കുളങ്ങളും തോടുകളും നിറഞ്ഞു കവിഞ്ഞു.

(b) നിറഞ്ഞു കവിഞ്ഞ കുളങ്ങളും തോടുകളും ഒറ്റ മഴകൊണ്ട് ഉണങ്ങിവരണ്ടു.

(c) ഉണങ്ങിവരണ്ട കുളങ്ങളും തോടുകളും ഒറ്റ മഴകൊണ്ട് നിറഞ്ഞു കവിഞ്ഞു.

(d) ഒറ്റ മഴകൊണ്ട് ഉണങ്ങിവരണ്ട കുളങ്ങളും തോടുകളുമാണ് നിറഞ്ഞു കവിഞ്ഞൊഴുകിയത്.

(iv) ശരിയായ പദം ഏത് ? [1]

(a) പതിവ്രത

(b) പതിവൃത

(c) പതിവ്രധ

(d) പതിവൃദ

(v) ശരിയായ ഒറ്റപ്പദം ഏഴുതുക : [1]

രാജാവില്ലാത്ത അവസ്ഥ

(a) രാജകീയാവസ്ഥ

(b) അരാജകീയാവസ്ഥ

(c) അരാജകത്വം

(d) ജനകീയാവസ്ഥ

**(B) Use the idioms in the sentence as per the instructions given :**

**(തന്നിരിക്കുന്ന ശൈലികൾ നിർദ്ദേശങ്ങളനുസരിച്ച് പ്രയോഗിക്കുക) :**

(i) താഴെക്കൊടുത്തിരിക്കുന്ന ശൈലി ഉപയോഗിച്ച് ഒരു വാക്യം നിർമ്മിക്കുക : [1]

കയ്യാലപ്പുറത്തെ തേങ്ങ

(ii) ഉചിതമായ ശൈലി ചേർത്ത് വാക്യം പൂർത്തിയാക്കുക : [1]

കോടതിയുടെ ഇടപെടലുണ്ടായപ്പോഴാണ് വിവാദമായ ആ സംഭവത്തിന്റെ _______ .

(a) രത്നചുരുക്കം

(b) ചെമ്പുതെളിയുക

(c) അജഗജാന്തരം

(d) തൊഴുത്തിൽക്കുത്ത്

(iii) താഴെക്കൊടുത്തിരിക്കുന്ന ശൈലിയുടെ അർത്ഥം എടുത്തെഴുതുക : [1]

'ശ്ലോകത്തിൽ കഴിക്കുക'

(a) ചുരുക്കിപ്പറയുക

(b) കവിതയാക്കിപ്പറയുക

(c) വിവരിച്ച് പറയുക

(d) ഉച്ചത്തിൽ പറയുക

(C) **Use the proverbs in the sentences as per the instructions given :**

**(തന്നിരിക്കുന്ന പഴഞ്ചൊല്ലുകൾ നിർദ്ദേശങ്ങൾ അനുസരിച്ച് പ്രയോഗിക്കുക) :**

(i) താഴെക്കൊടുത്തിരിക്കുന്ന പഴഞ്ചൊല്ലിന്റെ ആശയം എടുത്തെഴുതുക :

'കണ്ണുള്ളപ്പോൾ കണ്ണിന്റെ വില അറിയില്ല' [1]

(a) കണ്ണിന് വലിയ സ്ഥാനമാണുള്ളത്

(b) ഒന്നിന്റെ മഹത്വം അത് ഇല്ലാതാകുമ്പോഴേ മനസ്സിലാകൂ

(c) ഒന്നിന്റെ മഹത്വം അത് ഇല്ലാതായാലും മനസ്സിലാക്കില്ല

(d) കണ്ണിന്റെ വില ചിലർ മനസ്സിലാക്കുന്നില്ല

(ii) താഴെക്കൊടുത്തിരിക്കുന്നവയിൽ ശരിയായ പഴഞ്ചൊല്ല് ഏത് ? [1]

(a) ഗതികെട്ടാൽ പുലി എന്തും തിന്നും

(b) അച്ഛൻ ഇച്ഛിച്ചതും വൈദ്യൻ കല്പിച്ചതും മരുന്ന്

(c) ഏട്ടിലെ പശു തല്ലുകൂടില്ല

(d) അങ്കവും കാണാം താളിയുമൊടിക്കാം

## SECTION—B

## LITERATURE – 40 MARKS

*Answer four questions from this Section on any three out of the four prescribed textbooks.*

**നിർദ്ദേശിച്ചിരിക്കുന്ന നാലു പാഠപുസ്തകത്തിൽ ഏതെങ്കിലും മൂന്നെണ്ണത്തിൽനിന്ന് നാല് ചോദ്യത്തിന് ഉത്തരം എഴുതുക.**

## ഗദ്യകൈരളി (GADYAKAIRALI)

**Question 4**

''പാഴുതറയുടെ നെടുവരമ്പ് കടന്നാൽ ലോകം മുഴുവൻ അപരിചിതമാണ് .......''

(i) തനിക്കു കിട്ടാനുള്ള പണം കുട്ട്യസ്സൻമാപ്പിള എന്തായിട്ടാണ് കാണുന്നത് ? എപ്പോഴാണ് അങ്ങനെ ചിന്തിച്ചത് ? [1]

(ii) പുഴയിലിറങ്ങിയപ്പോൾ വെള്ളായിയപ്പനുണ്ടായ വികാരവിചാരങ്ങൾ വിവരിക്കുക. [2]

(iii) വെള്ളായിയപ്പന്റെ യാത്ര പാഴുതറ എന്ന ഗ്രാമത്തിനു വേണ്ടിയായിരുന്നു. വിശദമാക്കുക. [2]

(iv) 'കടൽത്തീരത്ത്' എന്ന കഥ വായനക്കാരുടെ വികാരമണ്ഡലത്തിൽ സൃഷ്ടിക്കുന്ന അനുഭൂതികൾ വിവരിക്കുക. [5]

**Question 5** [10]

മഴയ്ക്കായി വേഴാമ്പലിനെപ്പോലെ കാത്തിരിക്കുന്ന ഒരു വൃദ്ധന്റെ ചിത്രീകരണത്തിലൂടെ, വരാനിരിക്കുന്ന മഹാവിപത്തിന്റെ അപകട സൂചനകളിലേക്കാണ് 'എവിടെയോ തോർന്നു തീരുന്ന മഴ' എന്ന കഥ നമ്മെ കൊണ്ടുപോകുന്നത്. വിശകലനം ചെയ്യുക.

**Question 6** [10]

'ഹിഗ്വിറ്റ' എന്ന കഥയുടെ അസാധാരണമായ അർത്ഥതലങ്ങൾ വിശകലനം ചെയ്യുക.

## കാവ്യാഞ്ജലി (KAVYANJALI)

**Question 7**

"വിരൽ നീട്ടിയെന്നെ –

ത്തൊടുന്നൊരീശ്യാമയാം

ഇരവിന്റെ ഖിന്നയാം പുത്രി"

(i) രാത്രി മഴ ഒരു ഭ്രാന്തിയെപ്പോലെയാണെന്ന് പറയുന്നത് എന്തുകൊണ്ട് ? [1]

(ii) രാത്രി മഴ പ്രേമസാക്ഷിയാണെന്ന് കവയിത്രി പറയുന്നത് എങ്ങനെ ? [2]

(iii) രാത്രി മഴ ഇരവിന്റെ ഖിന്നയാം പുത്രിയായി മാറുന്നത് എങ്ങനെ ? [2]

(iv) 'രാത്രി മഴ' എന്ന കവിതയുടെ ആസ്വാദനതലം വിശകലനം ചെയ്യുക.. [5]

**Question 8** [10]

നെറിപോയ പുതുകാലത്തിലേക്കുള്ള അവരോഹണത്തിന്റെ സൂചനകളാണ് 'കൊച്ചിയിലെ വൃക്ഷങ്ങൾ' എന്ന കവിതയിലൂടെ കെ.ജി. ശങ്കരപ്പിള്ള നമുക്കു കാട്ടിത്തരുന്നത്. വിശകലനം ചെയ്യുക.

**Question 9** [10]

'ഇന്നത്തെ ചുറ്റുപാടിൽ പാലിക്കപ്പെടാത്ത ഒരു വാഗ്ദാനത്തേക്കാൾ നല്ലത്, സ്നേഹാർദ്രതയിൽ നിന്നുയരുന്ന ഒരു ദീർഘ നിശ്വാസമാണ് എന്ന് കവി ഉറച്ച് വിശ്വസിക്കുന്നു'. 'കോതമ്പു മണികൾ' എന്ന കവിതയെ ആസ്പദമാക്കി വിശകലനം ചെയ്യുക.

## അസുരവിത്ത് (ASURAVITH)

**Question 10**

മോചനത്തിനുവേണ്ടി കിണഞ്ഞ് ഓടിയോടി അവസാനം എത്തിച്ചേർന്നത് മറ്റൊരു തടവുമുറിയിലാണ് ......

(i) തടിച്ചുകുറുകിയ ആ വിരലുകൾ ചോറിൽ സഞ്ചരിക്കുന്നത് കണ്ടപ്പോൾ അറപ്പു തോന്നിയതാർക്ക് ? സന്ദർഭം എന്ത് ? [1]

(ii) മാർക്കം കൂടിയവനെ മുന്നൂറ്ററുപത്തഞ്ച് ദിവസവും ചെല്ലും ചെലവും കൊടുത്തു പോറ്റാൻ കരാറില്ലെന്ന് മുതലാളി പറയാനുണ്ടായ സാഹചര്യം വിവരിക്കുക. [2]

(iii) 'ദെണ്ണം കാണാൻ പോന്നുണ്ടോ' ? ഗോവിന്ദൻകുട്ടിയോട് ഇപ്രകാരം ചോദിച്ചതാര് ? കാരണമെന്ത് ? [2]

(iv) സൽക്കാരങ്ങൾ കഴിഞ്ഞു. വെള്ളപ്പട്ടിന്റെ കുപ്പായവും തലയിൽക്കെട്ടും മുഷിഞ്ഞു നാറാൻ തുടങ്ങി. സന്ദർഭം വിവരിക്കുക. [5]

**Question 11** [10]

''സമുദായ സ്പർധയില്ലാതെ ആളുകൾ മൈത്രിയും മമതയും അന്യോന്യം പുലർത്തിപ്പോന്ന ആ നാട്ടിൽ ശേഖരൻ നായരും മുതലാളിയും വിഷവിത്തിന്റെ വിത്തു പാകി മുളപ്പിച്ചു.'' ഉദാഹരണസഹിതം വിവരിക്കുക.

**Question 12** [10]

''ഈ പ്രമാണീടെ കൊടല്മാലേംകൊണ്ടേ ഞാൻ പോവൂ'' – ഗോവിന്ദൻകുട്ടി ശേഖരൻനായരോടു ഇങ്ങനെയൊരു വെല്ലുവിളി നടത്താനുണ്ടായ സാഹചര്യങ്ങൾ വിവരിക്കുക.

## ആ മനുഷ്യൻ നീ തന്നെ (AA MANUSHYAN NEE THANNE)

**Question 13**

"കണ്ണു തുറന്നാൽ കാണുന്നത് പേടിപ്പിക്കുന്നതാണെങ്കിൽ കണ്ണടയ്ക്കുകയാണുചിതം".

(i) "പ്രഭോ നാം മണലാരണ്യത്തിന്റെ മദ്ധ്യത്തിലെ ഏകാകികളല്ല'' – ആരുടെ വാക്കുകൾ ? സന്ദർഭം വിവരിക്കുക. [1]

(ii) വേദനയോടെയാണെങ്കിലും ആ അദ്ധ്യായം അവസാനിച്ചു. ഇനി ലോകം നമുക്ക് സ്വതന്ത്രമാണ്. സന്ദർഭം വിവരിക്കുക. [2]

(iii) യുദ്ധത്തിനു പോകാൻ തയ്യാറെടുക്കുന്ന ഊറിയായെ ബത്ത്ശേബ എങ്ങനെയാണ് നിരുത്സാഹപ്പെടുത്തുന്നത് ? [2]

(iv) ''ഞനൊരു കഥ പറയാം. നിങ്ങൾക്കു ധൃതിയൊന്നുമില്ലല്ലോ'' – സന്ദർഭവും ആശയവും വിവരിക്കുക. [5]

**Question 14** [10]

'ആ മനുഷ്യൻ നീ തന്നെ' എന്ന നാടകത്തിൽ സംഘട്ടനമുണ്ടാകുന്നത് ദാവീദിലെ തന്നെ രണ്ട് സവിശേഷ വ്യക്തിത്വങ്ങൾ തമ്മിലാണ്. ഉദാഹരണസഹിതം വിശദമാക്കുക.

**Question 15** [10]

സ്വാർത്ഥതയ്ക്കും അഭിലാഷങ്ങൾക്കും അതിരുണ്ട്. അവ ലംഘിച്ചാൽ ദാവീദിനെപ്പോലെ വലിയ വില കൊടുക്കേണ്ടിവരും. ഈയൊരു ഓർമ്മപ്പെടുത്തലാണ് 'ആ മനുഷ്യൻ നീ തന്നെ' എന്ന നാടകം. വിശകലനം ചെയ്യുക.